## പ്രതിഫലവും ശിക്ഷയും

**I. "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലം ഉണ്ട്"—വെളി. 22:12**

- അവന്റെ മടങ്ങിവരവിൽ മടക്കിനൽകപ്പെടുന്ന പ്രതിഫലത്തെ നാം പരിഗണിക്കേണ്ടതിന്, "ഇതാ, ഞാൻ വേഗം വരുന്നു" എന്ന മുന്നറിയിപ്പ് കർത്താവ് ആവർത്തിക്കുന്നു.
- കർത്താവിന്റെ വരവിങ്കൽ, ഈ പ്രതിഫലം ഓരോ വിശ്വാസിക്കും, അവരുടെ ഉൾപ്രാപണശേഷം, ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ മടക്കിനൽകപ്പെടും
- കർത്താവായ യേശു രാജ്യം അവകാശമാക്കാൻ വീണ്ടും വരുമ്പോൾ, അവൻ തനിക്കുള്ള എല്ലാവർക്കും പ്രതിഫലം നൽകുകയോ ശിക്ഷിക്കുകയോ ചെയ്യും
- നിത്യരക്ഷയ്ക്ക് നമ്മുടെ പ്രവൃത്തികളുമായി യാതൊരു ബന്ധവുമില്ല, എന്നാൽ രാജ്യത്തിൻ പ്രതിഫലം പൂർണമായും നാം രക്ഷിക്കപ്പെട്ടതിനുശേഷം കർത്താവിന്റെ ജീവനാൽ ചെയ്ത നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമായിരിക്കും
- രക്ഷിക്കപ്പെട്ട ഏവനും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിവാകേണ്ടതാകുന്നു, അങ്ങനെ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കും; നന്മ ചെയ്യുന്നവർക്ക് പ്രതിഫലം ലഭിക്കും, തിന്മ ചെയ്യുന്നവർക്ക് ശിക്ഷ ലഭിക്കും
- രക്ഷിക്കപ്പെട്ടതിനുശേഷം നാം കർത്താവിനുവേണ്ടി സേവിക്കുകയും വേലചെയ്യുകയും ചെയ്യുന്ന രീതി വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്
- ക്രിസ്തുവിന്റെ ന്യായാസനമായിരിക്കും പ്രതിഫലം തീരുമാനിക്കുന്നത്: "ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു"—2 കൊരി. 5:10

## ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക്

**II. "അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു"—2 പത്രൊ. 1:19**

- തിരുവെഴുത്തിലെ പ്രവചന വചനത്തെ ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന ഒരു വിളക്കിനോട് പത്രൊസ് ഉപമിക്കുന്നു
  - ഇത് സൂചിപ്പിക്കുന്നത് ഈ യുഗം ഇരുണ്ട രാത്രിയിലെ ഒരു ഇരുണ്ട സ്ഥലമാണെന്നും, ഈ ലോകത്തിലെ എല്ലാ ആളുകളും ഇരുട്ടിലാണ് സഞ്ചരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നുമാണ്
  - വിശ്വാസികൾക്ക് പ്രകാശം പരത്തുന്ന വിളക്ക് എന്ന നിലയിൽ തിരുവെഴുത്തിലെ പ്രവചന വചനം, അവരുടെ ഇരുട്ടിൽ പ്രകാശിക്കുന്ന ആത്മിക വെളിച്ചം നൽകുന്നു. അത് കർത്താവിന്റെ പ്രത്യക്ഷത പുലരുന്ന നാൾ വരെ ഇരുണ്ട രാത്രിയിലൂടെ കടന്നുപോകാൻ അവരെ ഇടയാക്കുകയും ചെയ്യുന്നു
  - കർത്താവ് പ്രത്യക്ഷമാകുന്നതിനു മുമ്പ്, നമ്മുടെ കാൽച്ചുവടുകളിന്മേൽ പ്രകാശിക്കുന്നതിന്, ഈ വചനം വെളിച്ചമായി നമുക്ക് ആവശ്യമാണ്
- നാൾ പുലരുന്നതിന് മുമ്പ്, തിരുവെഴുത്തിലെ പ്രകാശിക്കുന്ന പ്രവാചക വചനത്തിന് ശ്രദ്ധകൊടുക്കുന്നതിലൂടെ പ്രകാശിപ്പിക്കപ്പെട്ടും ബോധദീപ്തമാക്കപ്പെട്ടുമിരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കും
  - കർത്താവിന്റെ സാന്നിധ്യത്തെ ആത്മാർഥമായി അന്വേഷിക്കുവാനും, അവന്റെ വരവിന്റെ (പറൂസിയ) രഹസ്യ ഭാഗത്ത് അവർ കർത്താവിനെ നഷ്ടമാക്കാതിരിക്കേണ്ടതിന് ഉണർന്നിരിക്കുവാനും, ഇത് അവരെ ഇടയാക്കുന്നു
  - ഉണർന്നിരുന്ന് അവന്റെ പ്രിയ പ്രത്യക്ഷതയ്ക്കായി നോക്കിക്കൊണ്ടിരിക്കുന്നവർക്ക്, രാത്രിയുടെ ഏറ്റവും ഇരുണ്ട നാഴികയിൽ കർത്താവ് ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടും

## ശുഭ്രമായ ഉദയനക്ഷത്രം

**III. "ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവം ആകുന്നു"—വെളി. 22:16**

- ക്രിസ്തു, ശോഭയുള്ള ഉദയനക്ഷത്രമാണ്
- തന്റെ മടങ്ങിവരവിൽ തന്റെ ജനത്തിന് ക്രിസ്തു പൊതുവായ രീതിയിൽ ഉദയസൂര്യനായിരിക്കും എന്നാൽ തന്റെ ഉണർന്നിരിക്കുന്ന പ്രണയിനികൾക്ക് പ്രത്യേകമായി അവൻ ഉദയനക്ഷത്രമായിരിക്കും
- ദാവീദിന്റെ വേരും സന്തതിയും എന്ന നിലയിൽ ക്രിസ്തു യിസ്രായേലുമായും രാജ്യവുമായും ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം അവൻ ശോഭയുള്ള ഉദയനക്ഷത്രമായിരിക്കുന്നത് സഭയുമായും ഉൾപ്രാപണവുമായും ബന്ധപ്പെട്ടിരിക്കുന്നു
- മഹോപദ്രവം ഏറ്റവും ഇരുണ്ട സമയമായിരിക്കും, അതിനുശേഷം രാജ്യത്തിന്റെ നാൾ ഉദിക്കും; ഈ യുഗത്തിന്റെ അവസാനത്തിനുമുമ്പ്, ഏറ്റവും ഇരുണ്ട സമയത്ത് ക്രിസ്തു ശോഭയുള്ള ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടുമെന്ന് ഇത് സൂചിപ്പിക്കുന്നു
- ദൈവരാജ്യത്തിൽ കർത്താവ് തന്റെ ജനത്തിന് സൂര്യനെപ്പോലെ പരസ്യമായി പ്രത്യക്ഷപ്പെടും, എന്നാൽ മഹോപദ്രവത്തിനുമുമ്പ് അവൻ തന്റെ ജയാളികളെ ഉൾപ്രാപണം ചെയ്യുവാൻ ഉദയനക്ഷത്രമായി അവർക്ക് സ്വകാര്യമായി പ്രത്യക്ഷപ്പെടും
- ഉണർന്നിരിക്കുന്നവർക്ക് മാത്രമേ ശോഭയുള്ള ഉദയനക്ഷത്രം പ്രത്യക്ഷമാകയുള്ളൂ
- ഉറങ്ങുന്ന വിശ്വാസികൾ ഉദയനക്ഷത്രം കാണില്ല; അവർ ക്രിസ്തുവിനെ പൊതുവായ രീതിയിൽ സൂര്യനായി മാത്രമേ കാണുകയുള്ളൂ
- കർത്താവിന്റെ വരവിനായുള്ള ആഗ്രഹം ഒരു പ്രാർഥനയായി പ്രകടിപ്പിച്ചുകൊണ്ടാണ് മുഴുവൻ വേദപുസ്തകവും ഉപസംഹരിക്കുന്നത്
- വെളിപ്പാട് 22:20-ൽ കാണുന്ന യോഹന്നാന്റെ പ്രാർഥന വേദപുസ്തകത്തിലെ അവസാനത്തെ പ്രാർഥനയാണ്. "ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ!"